കടവുമൊക്കെ നോക്കിക്കഴിയുമ്പോൾ ഇതൊരു പ്രയാസകരമായ ജോലിയായി വരും. ഇന്നത്തെ നിലയിൽ വരൾച്ച ബാധിത പ്രദേശത്തെ കൃഷിക്കാർക്ക് സ്പെഷ്യൽ പാക്കേജ് ഉണ്ടാക്കുന്ന അവസരത്തിൽ ഇലക്ട്രിസിറ്റിയുടെ കാര്യവും ആലോചിക്കാവുന്നതാണെന്നു മാത്രമേ പറയുന്നുള്ളൂ.

ശ്രീ. കെ. അച്ചുതൻ: രണ്ട് ഹെക്ടർവരെ കൃഷിഭൂമിയുള്ള ആളുകൾക്ക് ഇപ്പോഴും വൈദ്യുതി സൗജന്യമാണ്. രണ്ട് ഹെക്ടറിന് മുകളിലുള്ളവർ വളരെ കുറച്ചുമാത്രമേ ഉണ്ടാകൂ. ഏറ്റവും കൂടുതൽ വരൾച്ച അനുഭവപ്പെട്ടത് എന്റെ നിയോജകമണ്ഡലത്തിലെ ചിറ്റൂരും കൊല്ലങ്കോട്ടുമാണ്. അവർക്ക് വളരെക്കാലമായി പൈസകെട്ടാൻ കഴിയാത്ത സ്ഥിതിയാണ്. മുഖ്യമന്ത്രി നേരിൽകണ്ടതാണ്. ഈ ഗവൺമെന്റ് ഉത്തരവ് പുനഃപരിശോധിച്ചുകൊണ്ട് കൃഷി ഡിപ്പാർട്ടുമെന്റ് ഇലക്ട്രിസിറ്റി ചാർജ് പരിപൂർണ്ണമായി ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിന് കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, ഞാൻ നേരത്തെ പറഞ്ഞു. അവിടെ ഇത് കൊടുക്കത്തക്ക പരിതസ്ഥിതി ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. പതിനഞ്ച് ഏക്കറും അതിൽക്കൂടുതലും കൈവശംവച്ചിട്ടുള്ള ആളുകൾ കേരളത്തിൽ മറ്റു സ്ഥലങ്ങളിലുമുണ്ട്. കണക്ക് നോക്കാതെയാണ് പറയുന്നത്. സാധാരണ പതിനഞ്ച് ഏക്കറാണ് പരിധി. ചില പ്രത്യേക സ്ഥലത്ത് സ്റ്റാന്റേർഡ് ഏക്കർ വരുമ്പോൾ അത് കുറഞ്ഞെന്നുവരും. ചിലയിടത്ത് കൂടിയെന്നും വരും. അല്ലാതെ വരില്ല. ഇത് പണത്തിന്റെ ബുദ്ധിമുട്ടുകൊണ്ട് വന്നതാണ്. ഇപ്പോഴത്തെ പരിതസ്ഥിതിയിൽ വരൾച്ചബാധിച്ച ഈ പ്രദേശത്തിന്റെ പ്രശ്നം എങ്ങനെ കൈകാര്യം ചെയ്യാമെന്നത്, സ്പെഷ്യൽ പാക്കേജിന്റെ കാര്യം കൂടി വരുമ്പോൾ അത് പരിശോധിച്ച് കർഷകന് എന്തൊക്കെ സഹായം കൊടുക്കുവാൻ സാധിക്കുമെന്നത് ബഡ്ജറ്റിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു, പുതിയ അപേക്ഷ വാങ്ങുന്നില്ലെന്ന്. അത് ശരിയാണ്. ഗവൺമെന്റ് ഒരു തീയതി നിശ്ചയിച്ചാണ് അപേക്ഷ ക്ഷണിച്ചത്. തീയതിമാറ്റിക്കൊണ്ട് കൃഷിക്കാർക്ക് അപേക്ഷ കൊടുക്കുവാൻ സൗകര്യപ്പെടുത്തുന്നതിനുവേണ്ടിയുള്ള നോട്ടിഫിക്കേഷൻ കൊടുക്കാം.

(2) കലാലയങ്ങളിൽ വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നിരോധിച്ചത് സംബന്ധിച്ച്

ശ്രീ. പി. എസ്. സുപാൽ: സർ, കേരളത്തിലെ കലാലയങ്ങളിൽ അപ്രഖ്യാപിത അടിയന്തിരാവസ്ഥ നിലനിൽക്കുകയാണ്. കേരളത്തിൽ വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങൾക്ക് മാനേജുമെന്റുകൾ വിലക്ക് ഏർപ്പെടുത്തിയിരിക്കുകയാണ്. വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്കെതിരെ കള്ളക്കേസ്സുണ്ടാക്കുന്നു. പോലീസിനെ വിളിച്ചുവരുത്തി അവർക്ക് എതിരെ നടപടി സ്വീകരിക്കുന്നു. വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിന് ഗവൺമെന്റ് ഉൾപ്പെടെ

LIBRARY ARCHIVES Kerala Legislative Assembly

എതിരാണ്. അതുകൊണ്ട് ഞങ്ങൾക്ക് ഇഷ്ടമുള്ളതുപോലെ ഞങ്ങൾ പ്രവർത്തിക്കും, വിദ്യാർത്ഥി സംഘടനാ പ്രവർത്തനം ഞങ്ങൾ അനുവദിക്കില്ലായെന്ന നിലപാട് സ്വീകരിച്ചുകൊണ്ട് കേരളത്തിലെ മാനേജുമെന്റുകൾ വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിന് എതിരായിട്ടുള്ള നിലപാട് സ്വീകരിച്ചിരിക്കുകയാണ്. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് കൊല്ലം ടി.കെ.എം. ആർട്ട്സ് ആന്റ് സയൻസ് കോളേജിലുണ്ടായത്. അവിടെ ജൂൺ മാസം 15-ാം തീയതി എസ്.എഫ്.ഐ.-യുടെ നേതൃത്വത്തിൽ ഒരു പഠിപ്പുമുടക്കമുണ്ടായിരുന്നു. അവിടത്തെ പ്രിൻസിപ്പാൾ പോലീസിനെ വിളിച്ചുവരുത്തി വിദ്യാർത്ഥികൾക്കെതിരെ ലാത്തിച്ചാർജ് നടത്താൻ ആവശ്യപ്പെട്ടു. 36 വിദ്യാർത്ഥികളെ ക്ളാസ്സിൽനിന്ന് പോലീസ് അറസ്റ്റുചെയ്യുകയുണ്ടായി. ആ വിദ്യാർത്ഥികളെ പ്രിൻസിപ്പാൾ അടക്കമുള്ളവർ മർദ്ദിക്കുകയുണ്ടായി. എ.ഐ.എസ്.എഫ്.-ന്റെ ഏഴ് പ്രവർത്തകരും എസ്.എഫ്.ഐ.-യുടെ അഞ്ച് പ്രവർത്തകരും കെ.എസ്.യു.-ന്റെയും എ.ബി.വി.പി.-യുടെയും ഓരോ പ്രവർത്തകരും ഉൾപ്പെടെ 14 വിദ്യാർത്ഥികളെ ഈ സംഭവത്തിന്റെ പേരിൽ യാതൊരു കാരണവുമില്ലാതെ അവിടെനിന്നും പുറത്താക്കി. ആ കോളേജ് ഇപ്പോൾ അടച്ചിട്ടിരിക്കുകയാണ്. ഇത് കേരളത്തിലാകെ വ്യാപകമാക്കാൻ പോവുകയാണ്. പലയിടത്തും മാനേജുമെന്റുകൾ ഈ നടപടി സ്വീകരിക്കുന്നതിന്റെ ഫലമായി കേരളത്തിലെ കലാലയങ്ങളാകെ കലുഷിതമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ കാര്യത്തിൽ അടിയന്തിരമായിട്ടുള്ള ഇടപെടൽ ആവശ്യമാണ്. സംഘടിക്കുവാനുള്ള അവകാശം ഭരണഘടന വിഭാവന ചെയ്യുന്നതാണ്. ജനാധിപത്യപരമായി സംഘടിക്കുവാനും അഭിപ്രായ പ്രകടനം നടത്തുവാനും ഭരണഘടന വിഭാവന ചെയ്യുന്നു. ആ ഭരണഘടനാ തത്വങ്ങൾക്ക് വിരുദ്ധമായിട്ടാണ് ഈ കോളേജ് മാനേജുമെന്റുകൾ പ്രവർത്തിക്കുന്നത്. 18 വയസ്സായവർക്ക് വോട്ടവകാശമുണ്ട്. അവർ ഇൻഡ്യൻ പാർലമെന്റിലേക്ക് വോട്ടു ചെയ്യുന്നു. അതുപോലെ സംസ്ഥാന നിയമസഭയിലേക്ക് ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി വോട്ടു ചെയ്യുന്നു. അവർക്ക് രാഷ്ട്രീയം പാടില്ലെന്നു പറഞ്ഞാൽ എങ്ങനെ നമുക്ക് അതിനോട് പൊരുത്തപ്പെടാൻ സാധിക്കും? ഇന്നത്തെ പല രാഷ്ട്രീയ നേതാക്കന്മാരും, മുൻപ്രധാനമന്ത്രിമാരായിരുന്ന ശ്രീ. എ. ബി. വാജ്പേയി, ശ്രീ. ഐ. കെ. ഗുജറാൾ, ശ്രീ. എസ്. ചന്ദ്രശേഖർ തുടങ്ങിയവർ വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ വന്നവരാണ്. ഇവിടെ സഖാവ് ഇ. കെ. നായനാർ, ശ്രീ. പി. കെ. വാസുദേവൻ നായർ, കേരളത്തിലെ ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി അടക്കമുള്ളവർ വിദ്യാർത്ഥി രാഷ്ട്രീയ പ്രവർത്തനത്തിലൂടെയും സംഘടനാ പ്രവർത്തനത്തിലൂടെയും കടന്നുവന്നവരാണ്. പ്രതിപക്ഷ-ഭരണപക്ഷ വ്യത്യാസമില്ലാതെ ധാരാളം ആളുകൾ വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ കടന്നുവന്നിട്ടുണ്ട്. അങ്ങനെയുള്ള സാഹചര്യത്തിലാണ് കലാലയങ്ങളിൽ രാഷ്ട്രീയം വേണ്ടെന്ന വിധത്തിൽ മാനേജുമെന്റ് പറയുകയും ഗവൺമെന്റ് അടക്കമുള്ള ഉത്തരവാദപ്പെട്ടവർ അതിന് അനുകൂലമായ നിലപാട് സ്വീകരിക്കുകയും ചെയ്യുന്നത്. വിദ്യാർത്ഥികളിൽനിന്നും പണംപിരിക്കുന്ന പല മാനേജുമെന്റുകൾക്കും വിദ്യാർത്ഥി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംഘടനാ പ്രവർത്തനത്തിന്റെ ചരിത്രം അറിയില്ല. നമ്മുടെ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് പങ്കാളിത്തമുള്ള പ്രവർത്തന പാരമ്പര്യമുള്ളതാണ് പല വിദ്യാർത്ഥി പ്രസ്ഥാനങ്ങളും. കെ.എസ്.എഫ്. അടക്കമുള്ള വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ സ്വാതന്ത്ര്യ സമരത്തിന്റെ തീച്ചൂളയിൽ പിറന്നുവീണ വിദ്യാർത്ഥി പ്രസ്ഥാനങ്ങളാണ്. അതിന്റെ ഐതിഹാസികപരമായ ഏടുകളുണ്ട്. സമയപരിധികൊണ്ട് ഞാൻ അത് വായിക്കുന്നില്ല. ദേശീയ സ്വാതന്ത്ര്യ സമരത്തിൽപ്പോലും വിദ്യാർത്ഥികൾ പങ്കെടുത്തിരുന്നുവെന്ന് അറിയാൻ പാടില്ലാത്ത മാനേജുമെന്റുകളാണ് വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിനെതിരായ നിലപാട് സ്വീകരിക്കുന്നത്. മാനേജുമെന്റിന് തന്നിഷ്ടം പോലെ പ്രവർത്തിക്കുവാൻ സാഹചര്യമുണ്ടാക്കണമെന്നാണ് അവർ ആഗ്രഹിക്കുന്നത്. അങ്ങ് മനസ്സിലാക്കേണ്ടത് ഈ അടുത്ത സമയത്ത് മാനേജുമെന്റ് പ്രതിനിധികൾ ഒത്തുകൂടിക്കൊണ്ട് ഒരു തീരുമാനം എടുത്തത് അല്ലെങ്കിൽ പ്രഖ്യാപനം നടത്തിയത്, യൂണിവേഴ്സിറ്റി നിയമം ഉണ്ടെങ്കിലും അത് അംഗീകരിക്കുവാൻ ഞങ്ങൾക്ക് ബാധ്യതയില്ല, കലാലയങ്ങളിൽ ഞങ്ങൾ വിദ്യാർത്ഥി സംഘടനാ പ്രവർത്തനം അനുവദിക്കുകയില്ല, കലാലയങ്ങളിൽ ഞങ്ങൾ തെരഞ്ഞെടുപ്പു നടത്താൻ അനുവദിക്കില്ല, യൂണിവേഴ്സിറ്റി പറഞ്ഞാലും ഗവൺമെന്റ് പറഞ്ഞാലും ഞങ്ങൾക്ക് അത് പുല്ലുവിലയാണെന്നാണ്. സ്വാശ്രയ മാനേജുമെന്റുകൾ പറഞ്ഞതുപോലെയാണ്. അവർ എന്താണ് പറഞ്ഞത്? നമ്മൾ ഒരു നിയമം പാസ്സാക്കി. ഫീസിനെ സംബന്ധിച്ച് 50 ശതമാനം സീറ്റിൽ മെരിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളിൽനിന്ന് ഗവൺമെന്റ് കോളേജിലെ ഫീസേ ഈടാക്കാവൂവെന്ന നിയമവും ഉത്തരവും ഒക്കെ കൊടുത്തിട്ട് അടുത്ത ദിവസംമുതൽ ആ മാനേജുമെന്റുകൾ പറയുന്നത് ഞങ്ങൾക്ക് ഇത് പുല്ലുവിലയാണ് എന്നാണ്. ഗവൺമെന്റ് ഇതൊക്കെ പറയും. പക്ഷേ നക്കാപിച്ചാ കാശിനുവേണ്ടി ഞങ്ങൾ സ്ഥാപനം നടത്താൻ പോകുന്നില്ല. ഗവൺമെന്റ് പറഞ്ഞാൽ അത് അംഗീകരിക്കുവാൻ ഞങ്ങൾക്ക് ബാധ്യതയില്ല. വിദ്യാഭ്യാസ മന്ത്രി പറയുന്നതും ഗവൺമെന്റ് പറയുന്നതും മുഖ്യമന്ത്രി പറയുന്നതും ഇവിടത്തെ വിദ്യാഭ്യാസലോബിക്ക് പുല്ലുവിലയാണ്. ഒരുവിലയുമില്ല. എത്ര പരിതാപകരമാണ് നമ്മുടെ സ്ഥിതി. ഒരു ജനാധിപത്യ സംവിധാനത്തിലാണ് ഇത്തരം കാര്യങ്ങൾ അരങ്ങേറുന്നതെന്ന് മനസ്സിലാക്കുമ്പോൾ ഇവരെയൊക്കെ നിയന്ത്രിക്കുവാൻ, ഇത്തരം ശക്തികളെ നിയന്ത്രിക്കുവാൻ, ബാധ്യതയുള്ളവർപോലും അനങ്ങാപ്പാറനയം സ്വീകരിക്കുന്നത് ഏറ്റവും അപലപനീയമായിട്ടുള്ള കാര്യമാണ്. ഇവിടെ മാനേജുമെന്റിന് തോന്നുന്നപോലെ കാര്യങ്ങൾ നടക്കണം. വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന മാനേജുമെന്റിന്റെ പല അനീതികൾക്കും എതിരായിട്ടുള്ള പ്രവർത്തനങ്ങൾക്ക് ഈ വിദ്യാർത്ഥി സംഘടനകൾ ഇന്ന് നേതൃത്വം നൽകിക്കൊണ്ടിരിക്കുകയാണ്. അനീതിയുണ്ടായാൽ അവർ അതിനെ ചെറുത്തുതോൽപ്പിക്കുവാൻ ശ്രമിക്കുന്നു. കേരളത്തിന്റെ വിദ്യാർത്ഥി സംഘടനാ ചരിത്രം അതാണ്. അതുകൊണ്ട് ഇന്നത്തെ മാനേജുമെന്റ് വിചാരിക്കുന്നത് വിദ്യാർത്ഥികളിൽനിന്ന് അമിത ഫീസ് ഈടാക്കിയാൽ, വിദ്യാഭ്യാസ വിരുദ്ധ പ്രവർത്തനം നടത്തിയാൽ, പൊതുവിദ്യാഭ്യാസത്തിനെ തകർക്കുന്ന

സമീപനം സ്വീകരിച്ചാൽ, വിദ്യാർത്ഥികൾ അനങ്ങരുത്. അവർ നോക്കുകുത്തികളായി രിക്കണമെന്നാണ്. അങ്ങനെ കുറേ പപ്പൂസുകളെയാണ് ഈ മാനേജുമെന്റുകൾക്കാവശ്യം. ഗവൺമെന്റും അതാണ് ആഗ്രഹിക്കുന്നത്. കാരണം വിദ്യാഭ്യാസ രംഗത്ത് മോശമായ പ്രവർത്തനങ്ങൾ നടത്തുമ്പോൾ അതിനെ എതിർക്കുവാൻ വിദ്യാഭ്യാസ സംഘടന തയ്യാറാകരുതെന്നുള്ളതുകൊണ്ടാണ് പരോക്ഷമായി മാനേജുമെന്റുകളെ അനുകൂലി ക്കുവാൻ ശ്രമിക്കുന്നത്. ഇവിടെ എനിക്ക് പറയുവാനുള്ളത്, രാജാവിനേക്കാൾ വലിയ രാജഭക്തി, കൊല്ലുന്ന രാജാവിനെ തിന്നുന്ന മന്ത്രി എന്നുപറയുന്നതുപോലെ തിരുവായ്ക്ക് എതിർവായില്ലാത്ത രൂപത്തിൽ മാനേജുമെന്റുകൾ ഉത്തരവുകൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നു. കോടതി കലാലയ രാഷ്ട്രീയം പാടില്ലെന്നുപറഞ്ഞു. കോടതിക്ക് ഇതുപറയുവാൻ എന്താണ് അവകാശം? ഇത് ശക്തമായി തടയണം. ഇത് നിയമസഭയ്ക്കകത്തുമാത്രമല്ല പുറത്തും പറയണം. കോടതി ഇടപെടേണ്ട കാര്യ ങ്ങളിൽ മാത്രം ഇടപെട്ടാൽമതി. ആവശ്യമില്ലാതെ എല്ലാ കാര്യങ്ങളിലും ഇടപെടേണ്ട തില്ല. കോടതി ഉത്തരവുവന്ന ഉടനെ പഞ്ചപുച്ഛമടക്കിക്കൊണ്ട് ഹയർ എഡ്യൂക്കേഷൻ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. 80 ശതമാനം അറ്റന്റൻസുള്ള വിദ്യാർത്ഥികൾക്കുമാത്രമേ മൽസരിക്കുവാൻ പാടുള്ളൂ. ഒന്നാംവർഷ പരീക്ഷ പാസായവർക്കുമാത്രമേ മൽസരിക്കുവാൻ പാടുള്ളൂ. കലാലയങ്ങളിൽ തെരഞ്ഞെടുപ്പു മായി ബന്ധപ്പെട്ട് മാനേജുമെന്റ് എന്ത് തീരുമാനമെടുത്താലും അതാണ് ശരിയെന്ന് ഗവൺമെന്റ് ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിതന്നെ ഉത്തരവ് കൊടുത്തിരിക്കുകയാണ്. അങ്ങനെ ഒരു മാനദണ്ഡം നിശ്ചയിക്കുവാൻ പറ്റുമോ? ഇവിടെ മുഖ്യമന്ത്രി അടക്ക മുള്ളവർ അല്ലെങ്കിൽ മന്ത്രിസ്ഥാനത്തിരിക്കുന്നവർ അല്ലെങ്കിൽ എം.എൽ.എ.-മാരായി വന്നവരൊക്കെ എം.എ. പാസ്സായിട്ട് വന്നവരാണോ? പത്താം ക്ളാസുപോലും പാസ്സാകാത്ത മുഖ്യമന്ത്രിമാർ നമുക്കുണ്ടായിട്ടുണ്ട്. പ്രായോഗികതയുടെ കാര്യത്തിൽ അവർ മുന്നിലായിരുന്നു. അതുകൊണ്ട് ഇങ്ങനെയുള്ള മാനദണ്ഡംവച്ച് വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തെ അതിക്ഷേപിക്കുന്ന തരത്തിൽകൊണ്ടുവരുന്നത് ശരിയല്ല. ജൂൺമാസം 24-ാം തീയതി വിദ്യാർത്ഥി സംഘടനകളുടെ പ്രതിനിധികളുമായിട്ടുനടന്ന ചർച്ചയിൽ വിദ്യാഭ്യാസ മന്ത്രി ഉറപ്പുനൽകിയത് സംഘടനാ സ്വാതന്ത്ര്യം സംരക്ഷിക്കു ന്നതിനുവേണ്ടി ഈ ഗവൺമെന്റ് അങ്ങേയറ്റംവരെ പോകും എന്നാണ്. വിദ്യാർത്ഥി സംഘടനാ പ്രവർത്തനം കലാലയങ്ങളിൽ അനുവദിക്കാതിരിക്കുന്ന സാഹചര്യത്തിനെ തിരെ ഗവൺമെന്റ് നിലകൊള്ളുമെന്ന് പറഞ്ഞിരുന്നുവെങ്കിലും അതിന് കടകവിരുദ്ധ മായിട്ടാണ് ഈ മാനേജുമെന്റുകൾ പ്രവർത്തിക്കുന്നത്. ഈ മാനേജുമെന്റുകളെ മൂക്കുകയറിടാൻ നിങ്ങൾ തയ്യാറാണോ? കരാറുകാരടക്കമുള്ള വിപ്ളവകാരികൾ അതിലുണ്ട്. ഈ കാര്യത്തിൽ ആർജ്ജവം കാണിക്കുവാൻ ഗവൺമെന്റിന് കഴിഞ്ഞില്ല. ഈ കാര്യത്തിൽ ഗവൺമെന്റ് ഇടപെടണം. ഇത്തരം ശക്തികളെ നിയന്ത്രിക്കണം. കലാലയങ്ങളിൽ സമാധാനപരമായ അന്തരീക്ഷമുണ്ടാക്കണം. സുഗമമായി വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഈ നടപടി സ്വീകരിച്ച വിദ്യാർത്ഥികളെ കലാലയങ്ങളിൽ പ്രവേശിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, ബഹുമാനപ്പെട്ട പി. എസ്. സുപാൽ കാര്യങ്ങൾ ഇവിടെ വിശദീകരിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 26-5-2003-ലെ വിധിന്യായപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കോളേജ് ക്യാമ്പസ്സിനുള്ളിൽ വിദ്യാർത്ഥികളുടെ രാഷ്ട്രീയപ്രവർത്തനം നിരോധിക്കാവുന്നതും ക്യാമ്പസ്സിനുള്ളിൽ സംഘം ചേരുന്നതിൽ നിന്നും ഔദ്യോഗിക മീറ്റിംഗുകൾ ഒഴികെയുള്ള മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിൽ നിന്നും വിദ്യാർത്ഥികളെ തടയാവുന്നതുമാണ്. ഈ വിധിക്ക് തുടർന്ന് ചില കോളേജ് മാനേജുമെന്റുകൾ അവരുടെ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ രാഷ്ട്രീയ പ്രവർത്തനം

10.00 A.M] നിരോധിച്ചു. ഈ സാഹചര്യത്തിൽ ചില വിദ്യാർത്ഥി സംഘടനകൾ ഹൈക്കോടതിയിൽ പോയി റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിച്ചു. ഇതിന്മേൽ ഹൈക്കോടതി കലാലയരാഷ്ട്രീയം സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കോടതിയെ ബോധിപ്പിക്കാൻ നിർദ്ദേശിച്ചു. സർക്കാർ ഇതു സംബന്ധിച്ച് കോടതിയിൽ സത്യവാങ്മൂലം നൽകി. കലാലയ രാഷ്ട്രീയം നിരോധിക്കുന്നതിന് സർക്കാർ എതിരല്ല; എന്നാൽ രാഷ്ട്രീയാടിസ്ഥാനത്തിൽ നടക്കുന്ന തെരഞ്ഞെടുപ്പുകൾ നിയന്ത്രിക്കുന്നതിനും അതിനെ പാർലമെന്ററി മാതൃകയിൽ പരിഷ്കരിക്കുന്നതിനും സർക്കാർ അനുകൂലമാണെന്ന് കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ള കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിനെ പാർലമെന്ററി മാതൃകയിൽ പരിഷ്കരിക്കാനുള്ള നിർദ്ദേശം സർക്കാർ കോടതിയിൽ ബോധിപ്പിച്ചിരുന്നു. ഇതിനനുസൃതമായ മാറ്റങ്ങൾ. നിലവിലുള്ള ചട്ടങ്ങളിൽ ബന്ധപ്പെട്ട യൂണിവേഴ്സിറ്റികൾ വരുത്തേണ്ടതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. യൂണിവേഴ്സിറ്റികൾ ചട്ടങ്ങളിൽ ഭേദഗതി വരുത്തണം. സർക്കാർ സമർപ്പിച്ച നിർദ്ദേശങ്ങൾ കോടതി അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 20-2-2004-ൽ ആർ.പി.435/03 പ്രകാരം വിധി പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത വിധിപ്രകാരം കലാലയരാഷ്ട്രീയം സംബന്ധിച്ച്, സർക്കാർ നിയന്ത്രണത്തിലുള്ള കോളേജുകളിലും അഫിലിയേറ്റഡ് കോളേജുകളിലും പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ബാധകമായ തരത്തിലുള്ള നിയമങ്ങളും ചട്ടങ്ങളും അടുത്ത കലാലയവർഷം ആരംഭിക്കുന്നതിനുമുമ്പ് ഉണ്ടാക്കാൻ വേണ്ട നിർദ്ദേശം സംസ്ഥാന സർക്കാരിനും സംസ്ഥാനത്തെ എല്ലാ യൂണിവേഴ്സിറ്റികൾക്കും നൽകുകയും ചെയ്തു. ഇതു സംബന്ധിച്ച ചട്ടങ്ങൾക്ക് രൂപം നൽകേണ്ടത് യൂണിവേഴ്സിറ്റികൾ ആയതിനാൽ സർക്കാർ 31-5-2004-ലെ ഉത്തരവുപ്രകാരം ബന്ധപ്പെട്ട യൂണിവേഴ്സിറ്റികൾക്ക് ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് മാനേജുമെന്റുകളുടേയും കോളേജ് അധികാരികളുടേയും നിലപാടുമൂലം വിദ്യാർത്ഥി സംഘടനാപ്രവർത്തനരംഗത്ത് സംസ്ഥാനത്തെ കലാലയങ്ങളിൽ നിലനിൽക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം മേൽപ്പറഞ്ഞ കോടതി ഉത്തരവുകളുടെ ഫലമായിട്ടാണ് സംജാതമായിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കണം. യൂണിവേഴ്സിറ്റികൾ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ യൂണിവേഴ്സിറ്റികളുടെ കീഴിലുള്ള കോളേജുകളിൽ അച്ചടക്കം

LIBRARY ARCHIVES Kerala Legislative Assembly

നിലനിർത്തേണ്ടത് സംബന്ധിച്ചും കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് നടത്തേണ്ടതു സംബന്ധിച്ചുമുള്ള പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട യൂണിവേഴ്സിറ്റികൾക്കാണ്. ആകയാൽ കോടതിവിധിയുടെ അടിസ്ഥാനത്തിൽ ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കേണ്ടതും മറ്റു നടപടികൾ കൈക്കൊള്ളേണ്ടതും ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായങ്ങളിൽ വിദ്യാർത്ഥികളുടെ കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിലുള്ള സംഘടനാപ്രവർത്തനമാണ് വിലക്കിയിട്ടുള്ളത്. ഇതര രീതിയിലുള്ള സംഘടനാപ്രവർത്തനങ്ങളോ സർഗ്ഗാത്മക പ്രവർത്തനങ്ങളോ ജനാധിപത്യ അവകാശങ്ങളോ തടയുന്നില്ല. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളുടെ 2004-ലെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് സർവ്വകലാശാലയുടെ സർക്കുലറിലെ വ്യവസ്ഥകൾ അനുസരിച്ചല്ലാതെ നടത്തുന്നതിന് പ്രിൻസിപ്പൽമാരെ അനുവദിച്ചുകൊണ്ട് മറ്റൊരു കോടതിവിധിയും ഉണ്ടായിട്ടുണ്ട്. ഇതാണ് വസ്തുത. ഈ കാര്യത്തിൽ സർക്കാരിന്റേതായ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, യൂണിവേഴ്സിറ്റിയുടെ മുകളിൽ പഴിചാരി രക്ഷപ്പെടാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഗവൺമെന്റിന്റെ മറുപടി യഥാർത്ഥത്തിൽ മാനേജുമെന്റുകളെ കുറച്ചുകൂടി പ്രകോപിതമായ തീരുമാനങ്ങൾ എടുക്കുന്നതിൽ കൊണ്ടുചെന്നെത്തിക്കും. എന്റെ അഭിപ്രായം, കേരളത്തിന്റെ സാമൂഹ്യമായ രാഷ്ട്രീയ സാഹചര്യങ്ങളെല്ലാം പരിഗണിച്ചും വിദ്യാർത്ഥി സംഘടനാപ്രവർത്തനങ്ങളിലൂടെ നൽകിയ സംഭാവനകൾ പരിഗണിച്ചുകൊണ്ടും ഈ കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കം ഇവിടെയുണ്ട്. അദ്ദേഹം വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ കടന്നുവന്ന ആളാണ്. കലാലയങ്ങളിൽ സംഘടനാ പ്രവർത്തനം നടത്തുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കണം. യൂണിവേഴ്സിറ്റിയുടെ മേൽ പഴി എല്ലാം കൊണ്ടുവയ്ക്കാതെ യൂണിവേഴ്സിറ്റി അധികാരികളേയും വിദ്യാർത്ഥി സംഘടനാ പ്രതിനിധികളേയും മാനേജ്മെന്റിന്റെ പ്രതിനിധികളേയും വിളിച്ചുചേർത്ത് വിദ്യാഭ്യാസമന്ത്രി മുൻകൈ എടുത്ത്, ഗവൺമെന്റ് മുൻകൈ എടുത്ത് ഒരു ചർച്ച നടത്തി ഈ കാര്യത്തിൽ ഒരു സമവായമുണ്ടാക്കാൻ ശ്രമിക്കുമോ; അതിനാവശ്യമായ നടപടികളിലേക്ക് കടക്കുമോ? ആ കാര്യത്തിലുള്ള ഗവൺമെന്റിന്റെ തീരുമാനമാണ് അറിയേണ്ടത്. അല്ലാതെ യൂണിവേഴ്സിറ്റികളുടെ മുകളിൽ പഴി ചാരി രക്ഷപ്പെടുന്ന സമീപനത്തോട് യോജിക്കാൻ കഴിയുകയില്ല. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം പറയണം.

<u>ശ്രീ. നാലകത്ത് സൂപ്പി</u>: സർ, സർക്കാരിന്, ഈ കാര്യത്തിൽ, സംഘടനാ സ്വാതന്ത്ര്യം നിലനിർത്തണമെന്നാണ് അഭിപ്രായം. യൂണിവേഴ്സിറ്റികളാണ് ഈ കാര്യത്തിൽ ബന്ധപ്പെട്ട നിയമഭേദഗതി വരുത്തേണ്ടത്, സ്റ്റാറ്റ്യൂട്ട് ഉണ്ടാക്കേണ്ടത്. യൂണിവേഴ്സിറ്റികളോട് അത് ആവശ്യപ്പെട്ടിട്ടുണ്ട്. അത് അവർ ചെയ്യുമെന്നാണ് പറഞ്ഞിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly